പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2014-2016)

### അഞ്ചാമത് റിപ്പോർട്ട്

(2014 ഡിസംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2014-2016)

## അഞ്ചാമത് റിപ്പോർട്ട്

(2014 ഡിസംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

127/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 14 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2014-2016)

### സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി

ശ്രീ. പി. കെ. ബഷീർ

ശ്രീ. കെ. ദാസൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. വി. ശിവൻകുട്ടി

ശ്രീ. എം. എ. വാഹീദ്

ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2014 ഡിസംബർ 8-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,

*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 11.

# ആമുഖം

നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്ന രേഖകൾ ഭരണഘടനയ്ക്കും ചട്ടങ്ങൾക്കും അനുസൃതമായി നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽത്തന്നെ സമർപ്പിച്ചിട്ടുണ്ടോ, സമർപ്പണത്തിൽ അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ എങ്കിൽ കാലതാമസം വിശദമാക്കുന്ന കുറിപ്പ് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ടോ, വിശദീകരണത്തിൽ സൂചിപ്പിച്ചിരിക്കുന്ന കാരണങ്ങൾ തൃപ്തികരമാണോ എന്നിവ പരിശോധിക്കുന്നതിനും ബഹുമാനപ്പെട്ട സ്പീക്കർമാർ അതത് കാലങ്ങളിൽ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഒൻപതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതി (1995-96)-യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം 1995 ഏപ്രിൽ മാസം 28-ാം തീയതി മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായി.

ഭരണഘടനാനുസൃതമായ നിയമ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ നിയമ നിർമ്മാണ സഭയ്ക്ക് യഥാസമയം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. നിയമസഭാ സാമാജികരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വവും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സർക്കാർ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ യഥാസമയം സാമാജികർക്ക് ലഭ്യമാക്കേണ്ടത് സർക്കാരിന്റെ കടമയും അത് ലഭിക്കുക എന്നത് സാമാജികരുടെ ഭരണഘടനാപരമായ അവകാശവുമാണ്. ഇതിലൂടെ മാത്രമേ ഭരണനിർവ്വഹണത്തിൽ വന്നുപെടുന്ന പോരായ്മകളും ക്രമക്കേടുകളും കണ്ടെത്താനും ആയവ തിരുത്തി ഭരണം കുറ്റമറ്റതാക്കി ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാനും സാധിക്കുകയുള്ളൂ. സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, റഗുലേഷനുകൾ എന്നിവയും അവയുടെ ഭേദഗതികളും തിരുത്തൽ വിജ്ഞാപനങ്ങളും സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ചട്ടങ്ങൾ നിഷ്കർഷിക്കുന്നുണ്ട്.

# റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166(1) പ്രകാരം ഭരണഘടനയോ പാർലമെന്റിന്റെ ഒരു ആക്ട് വഴി സംസ്ഥാന സർക്കാരിനെയോ അല്ലെങ്കിൽ സഭ ഒരു സബോർഡിനേറ്റ് അതോറിറ്റിക്കോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരമോ ഉപയോഗിച്ച് ഉണ്ടാക്കപ്പെട്ട റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയെല്ലാം ഭരണഘടനയിലോ പ്രസക്ത ആക്ടിലോ വിനിർദ്ദേശിക്കപ്പെട്ട കാലയളവിലേക്ക് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്. പ്രസ്തുത കാലയളവ് സംബന്ധിച്ച് പ്രസക്ത ആക്ടിൽ വ്യവസ്ഥ ഇല്ലാതിരിക്കുകയോ അഥവാ അതിൻപ്രകാരം കാലയളവ് വിനിർദ്ദേശിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ നിയമസഭ മുമ്പാകെ പതിനാല് ദിവസത്തെ ഒരു കാലയളവിലേക്ക് വയ്ക്കേണ്ടതാണ്. ചട്ടം 166(2) പ്രകാരം നിർദ്ദിഷ്ട കാലാവധി അപ്രകാരം പൂർത്തിയാക്കാത്തപക്ഷം റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ പ്രസ്തുത കാലയളവ് പൂർത്തിയാകുന്നതുവരെ തൊട്ടടുത്ത സമ്മേളനത്തിലോ സമ്മേളനങ്ങളിലോ വീണ്ടും വയ്ക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ 12, 17 നമ്പർ നിർദ്ദേശങ്ങളും നിലവിലുണ്ട് (അനുബന്ധം 1).

2. വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച എസ്.ആർ.ഒ.കളിലും വിജ്ഞാപനങ്ങളിന്മേലുമുള്ള ഡിലേ സ്റ്റേറ്റ്മെന്റുകളും അതു സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട അധിക വിവരവും സമിതി പരിഗണിക്കുകയും അവയിൽ തൃപ്തികരമല്ലാത്തവ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും തെളിവെടുപ്പ് നടത്തുകയുമുണ്ടായി. വിജ്ഞാപനങ്ങൾ യഥാസമയം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തതും കാലതാമസത്തിന് യുക്തി സഹമല്ലാത്ത കാരണങ്ങൾ ബോധിപ്പിക്കുന്ന തരത്തിലുള്ളതുമായ തെറ്റായ പ്രവണതകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആവർത്തിച്ചുണ്ടാകുന്നതിൽ സമിതി അതീവ ഉത്കണ്ഠ രേഖപ്പെടുത്തുകയും ഭരണഘടനാപരമായ പ്രക്രിയ നിസ്സാരവത്കരിക്കുന്ന രീതിയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. സർക്കാർ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവ യഥാസമയം സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്ന് കർശനനിർദ്ദേശം നിലവിലിരിക്കെ അവ പാലിക്കപ്പെടുന്നില്ല എന്നത് സഗൗരവമായി വീക്ഷിച്ച സമിതി സഭയിൽ സമർപ്പിക്കപ്പെടുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ വളരെ ലാഘവത്തോടെയാണ് തയ്യാറാക്കുന്നതെന്നും സാമാന്യബുദ്ധിക്ക് നിരക്കാത്ത കാരണങ്ങൾ ഒരു കാരണവശാലും സഭയിൽ സമർപ്പിക്കുന്ന രേഖകളിൽ ഉണ്ടാകാൻ പാടില്ല എന്നും വ്യക്തമാക്കുകയുണ്ടായി. കൂടാതെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കേണ്ട കടലാസുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്നതിന് ഉത്തരവാദികളാകുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. ഭരണഘടനാപരമായ നടപടികളുടെ ഭാഗമായി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ യഥാസമയം മേശപ്പുറത്ത് വയ്ക്കാൻ സാധിക്കാതെ വരുമ്പോൾ അതോടൊപ്പം സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സഭയ്ക്ക് ബോധ്യമാകുന്ന തരത്തിലായിരിക്കണമെന്ന് മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകരിക്കപ്പെട്ടതിനുശേഷം സമിതി നിയമസഭയിൽ സമർപ്പിച്ച വിവിധ റിപ്പോർട്ടുകളിൽ ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും പരിപത്രങ്ങളും (Circular) പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം ഭരണ വകുപ്പുദ്യോഗസ്ഥരും ഇക്കാര്യങ്ങളിൽ ബോധവാൻമാരല്ലെന്നാണ് ഇത്തരത്തിലുള്ള തെറ്റ് വീണ്ടും വീണ്ടും ആവർത്തിക്കുന്നതിൽനിന്നും സമിതിക്ക് മനസ്സിലാകുന്നത്. വിവിധ കാലഘട്ടങ്ങളിൽ സമിതിയുടെയും ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സർക്കുലറുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു (അനുബന്ധം കാണുക).

(1) 8-4-1994-ലെ 23166/Par/94/GAD നമ്പർ സർക്കുലർ

(2) 25-3-1996-ലെ 69113/പാർ/94/GAD നമ്പർ സർക്കുലർ

(3) 29-10-1997-ലെ 95161/Par/97/GAD നമ്പർ സർക്കുലർ

(4) 21-11-1998-ലെ 91939/പാർ/98/പൊ.ഭ.വ. നമ്പർ സർക്കുലർ

(5) 4-1-2007-ലെ 2226/എ 2/06/പി.എ.ഡി. നമ്പർ സർക്കുലർ

(6) 14-11-2008-ലെ 77/08/ധന. നമ്പർ സർക്കുലർ

(7) 12-3-2009-ലെ 20/2009/ധന. നമ്പർ സർക്കുലർ

(8) 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലർ.

4. കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ എല്ലാ ഉദ്യോഗസ്ഥരുടെയും അറിവിലേക്കായി ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും പ്രസ്തുത സർക്കുലറുകൾ ഉദ്യോഗസ്ഥർ ലാഘവത്തോടെ കാണുന്നതിനാലാണ് നിയമസഭയെ അവഹേളിക്കുന്ന തരത്തിലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സഹിതം കടലാസുകൾ ഇപ്പോഴും മേശപ്പുറത്തു വയ്ക്കേണ്ടിവരുന്നതെന്ന് സമിതി വിലയിരുത്തുന്നു.

5. 2013 ഒക്ടോബർ 23-ാം തീയതിയിലെ യോഗത്തിൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ ഡിലേ സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച സമിതി, എസ്.ആർ.ഒ.കൾ/ റിപ്പോർട്ടുകൾ എന്നിവ യഥാസമയം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തതും

കാലതാമസത്തിന് യുക്തിസഹമല്ലാത്ത കാരണങ്ങൾ ബോധിപ്പിക്കുന്ന തരത്തിലുള്ളതുമായ തെറ്റായ പ്രവണതകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആവർത്തിച്ചുണ്ടാകുന്നതിൽ അതൃപ്തി രേഖപ്പെടുത്തുകയും ഭരണഘടനാപരമായ പ്രക്രിയ നിസ്സാരവത്കരിക്കുന്ന രീതിയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. സർക്കാർ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ തുടങ്ങിയവ സഭയിൽ യഥാസമയം സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്ന് കർശനനിർദ്ദേശം നിലവിലിരിക്കെ അവ പാലിക്കപ്പെടുന്നില്ല എന്നത് സഗൗരവം വീക്ഷിച്ച സമിതി സഭയിൽ സമർപ്പിക്കപ്പെടുന്ന ഡിലേ സ്റ്റേറ്റ്മെന്റ് വളരെ ലാഘവത്തോടെയാണ് തയ്യാറാക്കുന്നതെന്നും സാമാന്യബുദ്ധിക്ക് നിരക്കാത്തതായ കാരണങ്ങൾ ഒരു കാരണവശാലും സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കുന്ന രേഖയിൽ ഉണ്ടാകാൻ പാടില്ല എന്നും വ്യക്തമാക്കുകയുണ്ടായി. മേൽ വിവരിച്ച പ്രകാരമുള്ള ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന ഭരണപരമായ വീഴ്ചകൾ അംഗീകരിക്കാനാവില്ല എന്ന് വ്യക്തമാക്കിയ സമിതി ഭാവിയിൽ ഇത്തരം ഭരണഘടനാ ലംഘനങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുകൾ ഉണ്ടാകണമെന്നും എല്ലാ വകുപ്പുകൾക്കും ഇതിൻപ്രകാരം കർശനമായ നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടു കൂടാതെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കേണ്ട കടലാസുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാൻ കഴിയും എന്നതു സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അഭിപ്രായം ആരായുവാനും ഇതിനായി ചീഫ് സെക്രട്ടറിക്ക് അയയ്ക്കുന്ന കത്തിൽ ഡിലേ സ്റ്റേറ്റ്മെന്റിന്റെ മാതൃകകൂടി ഉൾപ്പെടുത്തണമെന്നും നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറിയെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എസ്.ആർ.ഒ.കൾ/ വിജ്ഞാപനങ്ങൾ തുടങ്ങിയവ സഭയിൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ പ്രതിപാദിച്ച് 21-12-2013-ൽ ധനകാര്യ വകുപ്പ് 105/2013/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചുവെങ്കിലും (അനുബന്ധം 2) പ്രസ്തുത സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പല വകുപ്പുകളും പാലിക്കുന്നില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി.

6. സഭയിൽ സമർപ്പിക്കുന്നതിന് വൈകി ലഭിച്ചതും എന്നാൽ നാളിതുവരെ ഡിലേ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതുമായ വിവിധ വകുപ്പുകൾ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ വിവരവും (അനുബന്ധം 3) സമിതിയുടെ 2006-2009-ലെ രണ്ടാമത് റിപ്പോർട്ടിലെയും 2011-2014-ലെ രണ്ടാമത് റിപ്പോർട്ടിലെയും ശിപാർശകളിൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ള വകുപ്പുകളുടെ വിവരവും (അനുബന്ധം 4) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വിവിധ വകുപ്പുകൾ പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ/ വിജ്ഞാപനങ്ങളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകളും അധിക വിവരങ്ങളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും അതിന്മേലുള്ള ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

7. എന്നിരുന്നാലും സമിതിയുടെ നിരന്തരമായ ഇടപെടലുകളുടെ ഫലമായി വിവിധ വകുപ്പുകൾ കാലതാമസം കൂടാതെ വിജ്ഞാപനങ്ങൾ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടിയെ സമിതി ശ്ലാഘിക്കുന്നു.

## ആഭ്യന്തര വകുപ്പ്

8. ആഭ്യന്തര വകുപ്പ് 2007, 2010, 2011 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങളിന്മേലുമുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു

9. എസ്.ആർ.ഒ. നമ്പർ 139/2007-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ നോട്ടപ്പിഴവുമൂലം സംഭവിച്ച വീഴ്ച എന്ന മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. കാലതാമസത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണംതേടി തുടർനടപടി സ്വീകരിക്കണമെന്നും കാലതാമസത്തിനുള്ള യഥാർത്ഥ വിശദീകരണം ലഭ്യമാക്കണമെന്നും ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

## ഊർജ്ജ വകുപ്പ്

10. ഊർജ്ജ വകുപ്പ് 2009, 2010 വർഷങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

11. കേരള സ്റ്റേറ്റ് വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 30-11-2009-ലെ 1/2009, 17-2-2010-ലെ KSERC/10/XVIII എന്നീ വിജ്ഞാപനങ്ങളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റിൽ ഭരണപരവും സാങ്കേതികവുമായ കാലതാമസം എന്ന് രേഖപ്പെടുത്തിയതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി കാലതാമസം സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ്

12. തദ്ദേശസ്വയംഭരണ വകുപ്പ് 2010, 2011, 2012 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

13. എസ്.ആർ.ഒ. നമ്പർ 455/2010-മായി ബന്ധപ്പെട്ട ഡിലേ സ്റ്റേറ്റ്മെന്റിൽ ഭരണപരമായ കാലതാമസം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി കാലതാമസം സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

14. എസ്.ആർ.ഒ. നമ്പർ 579/2010, 632/2010 എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ "അടിയന്തര സ്വഭാവമുള്ള ജോലികൾ സമയബന്ധിതമായി തീർക്കേണ്ടിയിരുന്നതിനാൽ വിജ്ഞാപനം ലഭ്യമാക്കാൻ വൈകി" എന്ന വകുപ്പിന്റെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. സർക്കാർ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കളിൽ ഭേദഗതി വരുത്താനോ എസ്.ആർ.ഒ. തന്നെ വേണ്ടെന്ന് വയ്ക്കാനോ ശിപാർശ ചെയ്യാൻ അധികാരമുള്ള

നിയമസഭയിൽ പ്രസ്തുത എസ്.ആർ.ഒ. മേശപ്പുറത്ത് വയ്ക്കുന്നതിനേക്കാൾ അടിയന്തര പ്രാധാന്യമുള്ള ജോലികൾ എന്തായിരുന്നു എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള വിശദീകരണം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

15. തദ്ദേശസ്വയംഭരണ വകുപ്പ് അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പ്രധാനപ്പെട്ട ചട്ടങ്ങളും വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കുവാൻ നൽകുന്നില്ല എന്നകാര്യം സമിതി ഗൗരവമായി വീക്ഷിക്കുന്നു. സഭയുടെ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള വകുപ്പിന്റെ നടപടികൾ സമിതി ശക്തമായി അപലപിക്കുന്നതോടൊപ്പം വകുപ്പ് പുറപ്പെടുവിക്കുന്നതും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുമായ എല്ലാ കടലാസുകളും മേശപ്പുറത്ത വയ്ക്കാനായി ലഭ്യമാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

## തൊഴിലും നൈപുണ്യവും വകുപ്പ്

16. തൊഴിൽ വകുപ്പ് 2009, 2010, 2011, 2012 എന്നീ വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

17. എസ്.ആർ.ഒ. നമ്പർ 782/2009 മുതൽ 805/2009 വരെ, 203/2010, 204/2010 മുതൽ 208/2010 വരെ, 333/2010, 334/2010, 371/2010, 373/2010 മുതൽ 387/2010 വരെ, 471/2010 മുതൽ 479/2010 വരെ, 482/2010, 483/2010 എന്നീ വിജ്ഞാപനങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ ഡിലേ സ്റ്റേറ്റ്മെന്റുകളിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ 4 വർഷത്തോളം കാലതാമസമുണ്ടായത് നീതീകരിക്കാനാവില്ലെന്നും ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ ഉളവായ കാലാനുക്രമമായ കാലതാമസം വിശദമാക്കണമെന്നും എസ്.ആർ.ഒ.കൾ പ്രസ്സിൽനിന്നും അച്ചടിച്ച് ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യണ മെന്നും നിർദ്ദേശിക്കുന്നു.

18. എസ്.ആർ.ഒ. നമ്പർ 143/2011-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ച് സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളും എസ്.ആർ.ഒ. സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ 12, 17 നമ്പർ നിർദ്ദേശങ്ങളും നിലവിലുണ്ടെന്നും വിലയിരുത്തിയ സമിതി ഡിലേ സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ട് കത്ത് ലഭിക്കാത്തത് കാലതാമസത്തിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത് നിയമസഭയെ അവഹേളിക്കുന്നതിന് തുല്യമാണെന്നും മേശപ്പുറത്തു വയ്ക്കുന്നതിനായി ഒരു കടലാസ് നിയമസഭാ സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കുമ്പോൾതന്നെ അതിന് കാലതാമസമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയാണെന്നും ആയതിനാൽ ഇത്തരത്തിൽ ഒരു സ്റ്റേറ്റ്മെന്റ് സഭയിൽ സമർപ്പിക്കുവാനുണ്ടായ കാരണം വിശദമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

19. എസ്.ആർ.ഒ. നമ്പർ 793/2011-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി പ്രസ്തുത വിജ്ഞാപനം പ്രസ്സിൽനിന്നും അച്ചടിച്ച് ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാനും കാലതാമസത്തിനുള്ള വിശദീകരണത്തിൽ 'ഭരണപരമായ അസൗകര്യം' എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാൻ നിർദ്ദേശിക്കുന്നു.

20. എസ്.ആർ.ഒ. നമ്പർ 536/2012-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി പ്രസ്തുത വിജ്ഞാപനം യഥാസമയം സമിതി മുമ്പാകെ സമർപ്പിക്കുന്നതിനുണ്ടായ വീഴ്ച എന്താണെന്ന് വിശദമാക്കുവാൻ നിർദ്ദേശിക്കുന്നു.

21. എസ്.ആർ.ഒ. നമ്പർ 779/2012, 800/2012, 801/2012, 803/2012, 839/2012 എന്നീ വിജ്ഞാപനങ്ങൾ പ്രസ്സിൽനിന്നും അച്ചടിച്ച് ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

## ധനകാര്യ വകുപ്പ്

22. ധനകാര്യ വകുപ്പ് 2005, 2006, 2007, 2010, 2011 എന്നീ വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

23. എസ്.ആർ.ഒ. നമ്പർ 951/2005-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി മൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കുവാനുള്ള മന്ത്രിസഭാ യോഗത്തിന്റെ തീരുമാനവുമായി ബന്ധപ്പെട്ട ഒരു പ്രധാന വിജ്ഞാപനം സഭയിൽ സമർപ്പിക്കുന്നതിന് വരുത്തിയ കാലതാമസം ഗുരുതരമായ വീഴ്ചയാണെന്ന് അഭിപ്രായപ്പെടുകയും ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

24. എസ്.ആർ.ഒ. നമ്പർ 434/2006-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ നോട്ടപ്പിശകുമൂലം വിജ്ഞാപനം ലഭ്യമാക്കാൻ വൈകി എന്ന മറുപടി പരിഗണിച്ച സമിതി സർക്കാരിന്റെ വിവിധ കാര്യങ്ങൾ പരിശോധിക്കുവാൻ ചുമതലപ്പെട്ട ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഇത്തരം വീഴ്ചകൾ സംഭവിക്കുന്നത് ന്യായീകരിക്കാവുന്നതല്ല എന്ന് അഭിപ്രായപ്പെടുകയും ആരുടെ ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് വിജ്ഞാപനം സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കിയതെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് താക്കീത് നൽകി അക്കാര്യം സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുകയും ചെയ്യുന്നു.

25. എസ്.ആർ.ഒ. നമ്പർ 240/2007, 241/2007 എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ സഭയിൽ സമർപ്പിക്കുവാൻ നൽകുന്നത് സംബന്ധിച്ച സമയപരിധിയും മറ്റ് വിശദാംശവും ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ ബന്ധപ്പെട്ട സെക്ഷനുകൾക്ക് നൽകണമെന്ന് നിർദ്ദേശിക്കുന്നു.

**നികുതി വകുപ്പ്**

26. നികുതി വകുപ്പ് 2007, 2008, 2011 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിച്ചു.

27. എസ്.ആർ.ഒ. നമ്പർ 65/2011, 66/2011, 67/2011, 68/2011, 69/2011 എന്നീ വിജ്ഞാപനങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുന്നു. വിജ്ഞാപനങ്ങൾ സഭയിൽ സമർപ്പിക്കുന്നതിന് കാലതാമസത്തിനിടയാക്കിയ ഭരണപരമായ കാരണങ്ങൾ എന്താണെന്നുള്ളത് സംബന്ധിച്ച യഥാർത്ഥ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

**നിയമ വകുപ്പ്**

28. നിയമവകുപ്പ് 2011, 2012 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിച്ചു.

29. എസ്.ആർ.ഒ. നമ്പർ 210/2012-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി വിജ്ഞാപനം സമിതിക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിച്ച് സമിതിക്ക് ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

30. എസ്.ആർ.ഒ. നമ്പർ 824/2012-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും വിജ്ഞാപനങ്ങൾ യഥാസമയം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നമെന്നും എന്നാൽ വിഷയത്തെ വളച്ചൊടിച്ച് അനാവശ്യ വിശദീകരണമാണ് വകുപ്പ് നൽകിയിരിക്കുന്നതെന്നും അഭിപ്രായപ്പെട്ട സമിതി കാലതാമസത്തിന് ഡിലേ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള വിശദീകരണം സ്വീകാര്യമല്ലാത്തതിനാൽ യഥാർത്ഥ വിശദീകരണം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

**പൊതുഭരണ വകുപ്പ്**

31. പൊതുഭരണ വകുപ്പ് 2006, 2011 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

32. എസ്.ആർ.ഒ. നമ്പർ 127/2006 വിജ്ഞാപനം സഭയിൽ സമർപ്പിക്കുവാൻ 5 വർഷത്തിലധികം കാലതാമസം നേരിട്ടതായി സമിതി നിരീക്ഷിച്ചു. പ്രസ്തുത കാലതാമസത്തിന് ഉത്തരവാദികളായവരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിച്ച് ആയത് സമിതിയെ അറിയിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

33. എസ്.ആർ.ഒ. നമ്പർ 135/2011-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ മനഃപ്പൂർവ്വമല്ലാത്ത വീഴ്ച എന്ന് രേഖപ്പെടുത്തിയിരുന്നതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി കാലതാമസത്തിനുള്ള യഥാർത്ഥ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

34. പൊതുഭരണ വകുപ്പിന്റെ 25-3-1996-ലെ 69113/Par/94/GAD നമ്പർ സർക്കുലറിൽ (അനുബന്ധം 5) സഭയിൽ സമർപ്പിക്കേണ്ടതും അല്ലാത്തതുമായ വിജ്ഞാപനങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ കാലോചിതമായ ഭേദഗതികൾ വരുത്തി മലയാളത്തിൽ പ്രസിദ്ധീകരിച്ച് എല്ലാ വകുപ്പുകൾക്കും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുമരാമത്ത് വകുപ്പ്

35. പൊതുമരാമത്ത് വകുപ്പ് 2009, 2010 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

36. എസ്.ആർ.ഒ. നമ്പർ 128/2009-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി തികച്ചും നിരുത്തരവാദപരമായ മറുപടിയാണ് വകുപ്പ് ലഭ്യമാക്കിയിരിക്കുന്നതെന്ന് അഭിപ്രായപ്പെടുകയും തപാൽ കൈകാര്യം ചെയ്യുതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ മറുപടി തയ്യാറാക്കി നൽകണമെന്നും നിർദ്ദേശിക്കുന്നു.

## വനം-വന്യജീവി വകുപ്പ്

37. വനം-വന്യജീവി വകുപ്പ് 2009, 2011, 2012 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

38. എസ്.ആർ.ഒ. നമ്പർ 269/2012, 476/2012, 477/2012 എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണം ലഭിച്ചതിനുശേഷവും വിജ്ഞാപനം ലഭ്യമാക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളത് ക്ഷമിക്കാവുന്നതല്ലെന്ന് അഭിപ്രായപ്പെടുകയും 21-11-1998-ലെ 91939/പാർ/98/പൊഭവ. നമ്പർ സർക്കുലർ (അനുബന്ധം 6) അനുസരിച്ച് കാലതാമസം സംബന്ധിച്ച വ്യക്തമായ വിശദീകരണം നൽകാൻ സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു.

## വ്യവസായ വകുപ്പ്

39. വ്യവസായ വകുപ്പ് 2009, 2010, 2011, 2012 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

40. എസ്.ആർ.ഒ. നമ്പർ 116/2009-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി നിയമസഭാ സമ്മേളന കാലയളവായിരുന്നതിനാൽ ചോദ്യങ്ങളുമായി ബന്ധപ്പെട്ട ജോലിത്തിരക്ക്

എസ്.ആർ.ഒ. ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണമായി അംഗീകരിക്കാനാവില്ലെന്നും തികച്ചും നിരുത്തരവാദപരമായ കാര്യങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും വിലയിരുത്തുകയും കാലതാമസത്തിനുള്ള വ്യക്തമായ കാരണം ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

41. എസ്.ആർ.ഒ. നമ്പർ 807/2009-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ ബോധപൂർവ്വമല്ലാത്ത കാലതാമസം എന്ന് രേഖപ്പെടുത്തിയിരുന്നതിൽ അതൃപ്തി രേഖപ്പെടുത്തുകയും തികച്ചും നിരുത്തരവാദപരമായ മറുപടിയാണ് വകുപ്പ് ലഭ്യമാക്കിയിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി കാലതാമസത്തിനുള്ള വ്യക്തമായ കാരണം ബോധിപ്പിക്കാൻ നിർദ്ദേശിക്കുന്നു.

## സഹകരണ വകുപ്പ്

42. സഹകരണ വകുപ്പ് 2009, 2010, 2011, 2012 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

43. എസ്.ആർ.ഒ. നമ്പർ 725/2010-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ "വിജ്ഞാപനം അടിയന്തരമായി ഭേദഗതി ചെയ്യേണ്ട സാഹചര്യം വന്നതിനാൽ സഭയിൽ സമർപ്പിക്കാൻ വൈകി" എന്ന മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി വിജ്ഞാപനത്തിൽ എന്ത് ഭേദഗതിയാണ് വരുത്തിയതെന്നുള്ളതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

44. എസ്.ആർ.ഒ. നമ്പർ 530/2012-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ അച്ചടിച്ച ലഭ്യമാക്കാൻ വൈകി എന്ന വകുപ്പിന്റെ വിശദീകരണത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും 30-7-2012-ൽ അച്ചടിച്ച് ലഭ്യമായിട്ടും വിജ്ഞാപനം സഭയിൽ സമർപ്പിക്കുന്നതിൽ വീണ്ടും 2 മാസത്തെ കാലതാമസം നേരിട്ടെന്ന് ബോധ്യപ്പെടുകയും കാലതാമസത്തിനുള്ള വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## റവന്യൂ വകുപ്പ്

45. റവന്യൂ വകുപ്പ് 2004, 2006, 2008, 2010, 2011, 2012 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

46. എസ്.ആർ. ഒ. നമ്പർ 1071/2004, 1072/2005 എന്നീ വിജ്ഞാപനങ്ങൾ സഭയിൽ സമർപ്പിക്കുന്നതിന് 5 വർഷത്തിലധികം കാലതാമസം നേരിട്ടതായി ചൂണ്ടിക്കാട്ടിയ സമിതി പ്രസ്തുത കാലതാമസം ഒരിക്കലും ന്യായീകരിക്കാനാവില്ലെന്ന് അഭിപ്രായപ്പെടുകയും ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

47. എസ്.ആർ.ഒ.നമ്പർ 731/2006-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ നിയമസഭാ ചോദ്യങ്ങളുമായി ബന്ധപ്പെട്ട പേപ്പറുകൾ തയ്യാറാക്കുവാനുണ്ടായിരുന്നതിനാലും ഭരണമാറ്റത്തെ തുടർന്ന് അവരോധിക്കപ്പെട്ട സ്റ്റാഫിന്റെ പരിചയക്കുറവും കാരണമാണ് കാലതാമസമുണ്ടായത് എന്ന വിശദീകരണത്തിലും എസ്.ആർ.ഒ. നമ്പർ 905/2008, 906/2008, 1004/2008, 1005/2008, 1067/2008, 1068/2008, 1069/2008, 1070/2008, 1071/2008, 1087/2008, 1247/2008, 142/2009, 969/2009, 156/2010 എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ നൽകിയ വിശദീകരണം വസ്തുതാ വിരുദ്ധമായതിനാലും വിജ്ഞാപനങ്ങളുടെ പകർപ്പുകൾ വകുപ്പിൽ ലഭ്യമായതിനുശേഷവും സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായി എന്ന് സമിതി വീക്ഷിച്ചതിനാലും ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് സെക്രട്ടറിയിൽനിന്നും 26-11-2013-ൽ സമിതി തെളിവെടുപ്പ് നടത്തുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ/ശിപാർശകൾ നൽകുകയും ചെയ്തു:

48. എസ്.ആർ.ഒ. നമ്പർ 142/2009, 905/2008, 906/2008, 1247/2008 എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ 'അച്ചടിച്ച് ലഭ്യമാക്കാൻ വൈകി' എന്നാണ് കാലതാമസത്തിന് വിശദീകരണം നൽകിയത്. എന്നാൽ അച്ചടിച്ച് ലഭ്യമാക്കിയിട്ടും 4 മാസത്തോളം വൈകിയാണ് പ്രസ്തുത വിജ്ഞാപനങ്ങൾ ലഭ്യമാക്കിയത് എന്നതിലൂടെ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരണ തീയതി മുതൽ 2 മാസത്തിനകം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണം എന്ന ചട്ടം നിലവിലിരിക്കെ തെറ്റായ മറുപടി നൽകിയതെന്ന വിഷയത്തിന്റെ പ്രധാന്യം ഉൾക്കൊണ്ട് വകുപ്പ് പ്രവർത്തിക്കാതിരുന്നത് നിസ്സാരവത്കരിക്കാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

49. തെറ്റായ കാരണങ്ങൾ നിരത്തി വകുപ്പുമന്ത്രിയെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും 'സഭാനടപടികളെക്കുറിച്ചുള്ള അറിവില്ലായ്മ' എന്ന മറുപടി നീതീകരിക്കാനാവില്ലെന്നും ഇത്തരത്തിൽ വിശദീകരണം നല്കാൻ പാടില്ലെന്ന് 21-11-1998-ലെ 91939/പാർ/98/ പൊ.ഭ.വ. നമ്പർ സർക്കുലറിൽ (അനുബന്ധം 6) വ്യക്തമാക്കിയിട്ടുള്ളതാണെന്നും തെറ്റായ പ്രസ്താവനകൾ നൽകുകയും അതിന്മേൽ വീണ്ടും അധികവിവരം നൽകേണ്ടി വരികയും ചെയ്യുന്നതിലൂടെ നിയമസഭയെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും സമിതി ചൂണ്ടിക്കാട്ടി.

50. കാലതാമസം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റുകൾ വളരെ ലാഘവത്തോടെയാണ് തയ്യാറാക്കുന്നതെന്ന് ബോധ്യപ്പെട്ട സമിതി, സാമാന്യബുദ്ധിക്ക് നിരക്കാത്ത കാരണങ്ങൾ ഒരു കാരണവശാലും സഭയിൽ സമർപ്പിക്കുന്ന രേഖകളിൽ ഉണ്ടാകാൻ പാടില്ലെന്നും ഇത് സംബന്ധിച്ച് <u>വകുപ്പ് സെക്രട്ടറി ഒരു പുനരവലോകനം നടത്തി ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകണമെന്നും ശിപാർശ ചെയ്യുന്നു.</u>

51. എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ എന്നിവ യഥാസമയം സമർപ്പിക്കാൻ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഡിലേ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ മതിയായ വിശദീകരണമല്ലെന്നും അവ തെറ്റിദ്ധാരണ

പരത്തുന്നവയാണെന്നും സമിതിയുടെ മുൻകാല റിപ്പോർട്ടുകളിൽ, വിജ്ഞാപനങ്ങൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും ശിപാർശകളും നിലവിലുണ്ടെങ്കിലും ആയത് വകുപ്പ് പാലിക്കാത്തത് സഭയോടുള്ള അനാദരവായി കണക്കാക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. ഡിലേ സ്റ്റേറ്റ്മെന്റിൽ തെറ്റായ പ്രസ്താവനകൾ നൽകിയ ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആവശ്യപ്പെട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### അച്ചടി വകുപ്പ്

52. തൊഴിലും പുനരധിവാസവും വകുപ്പ് പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 782/2009 മുതൽ 805/2009 വരെ, 203/2010, 204/2010 മുതൽ 208/2010 വരെ, 333/2010, 334/2010, 371/2010, 373/2010 മുതൽ 387/2010 വരെ, 471/2010 മുതൽ 479/2010 വരെ, 482/2010, 483/2010, 779/2012, 800/2012, 801/2012, 803/2012, 839/2012 എന്നീ വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട വകുപ്പിൽനിന്നും പ്രിന്റ് ചെയ്യുന്നതിന് എന്നാണ് നൽകിയതെന്നും അച്ചടി വകുപ്പ് എന്നാണ് വിജ്ഞാപനങ്ങൾ പ്രിന്റ് ചെയ്ത് നൽകിയതെന്നുമുള്ള വിവരങ്ങൾ സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

53. ജലവിഭവ വകുപ്പിന്റെ എസ്.ആർ.ഒ. നമ്പർ 441/2011-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി വിജ്ഞാപനത്തിൽ അവ പ്രസ്സിൽ അച്ചടിക്കുന്ന തീയതി കൂടി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

54. ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 217/2010-ന്റെ ഡിലേ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി പ്രസ്തുത വകുപ്പ് എന്നാണ് വിജ്ഞാപനം അച്ചടിക്കാൻ നൽകിയതെന്നും, അച്ചടി വകുപ്പ് വിജ്ഞാപനം എന്നാണ് പ്രിന്റ് ചെയ്ത് നൽകിയതെന്നും എത്ര പകർപ്പുകളാണ് അച്ചടിച്ച് നൽകിയതെന്നുമുള്ള വിശദവിവരം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

55. സർക്കാർ പ്രസ്സിൽ അച്ചടിക്കാൻ ലഭിക്കുന്ന രേഖകളിൽ എന്നാണ് അച്ചടിക്കുന്നതെന്ന് വ്യക്തമാക്കുന്നതിന് അച്ചടിച്ച തീയതി കൂടി പ്രസ്തുത രേഖകളുടെ താഴെ രേഖപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പൊതു ശിപാർശകൾ

56. വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ എന്നിവ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച് പല ഉദ്യോഗസ്ഥരും ബോധവാന്മാരല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥരിൽ അവബോധം സൃഷ്ടിക്കുന്നതിന് സെക്രട്ടറിതലത്തിൽ അതത് സമയങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. നിയമസഭയുടെയും സാമാജികരുടെയും ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കടലാസുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ഓരോ വകുപ്പും കൈക്കൊള്ളണമെന്നും സ്വീകരിച്ച നടപടികൾ പാലിക്കപ്പെടുന്നുണ്ടെന്ന് വകുപ്പുസെക്രട്ടറിമാർ ഉറപ്പുവരുത്തണമെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

58. നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി അയയ്ക്കുന്ന വിജ്ഞാപനങ്ങൾ നടപടിക്രമം പാലിച്ചിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും കാലതാമസമുണ്ടായവ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതംതന്നെ സമർപ്പിക്കേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

59. കാലതാമസം വിശദമാക്കുന്ന സർക്കാർ സ്റ്റേറ്റ്മെന്റുകൾ 'സഭാ നടപടികളെക്കുറിച്ചുള്ള അറിവില്ലായ്മ', 'നോട്ടപ്പിഴവുമൂലം സംഭവിച്ച വീഴ്ച', 'വകുപ്പിലെ ജോലിഭാരവും അധികജോലിത്തിരക്കും', 'അച്ചടിച്ച് ലഭ്യമാക്കാൻ വൈകി', 'മനഃപൂർവ്വമല്ലാത്ത കാലതാമസം', 'ഭരണപരവും സാങ്കേതികവുമായ കാലതാമസം', 'നിയമസഭാ ചോദ്യങ്ങളുമായി ബന്ധപ്പെട്ട അധികജോലിത്തിരക്ക് ', 'സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണം ലഭിക്കാൻ വൈകി' തുടങ്ങിയ സ്ഥിരം കാരണങ്ങൾ നിരത്തി വളരെ ലാഘവ ബുദ്ധിയോടെയാണ് തയ്യാറാക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. സാമാന്യ ബുദ്ധിക്ക് നിരക്കാത്ത കാരണങ്ങൾ ഒരു കാരണവശാലും സഭയിൽ സമർപ്പിക്കുന്ന രേഖകളിൽ ഉണ്ടാകാൻ പാടില്ലെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. ഡിലേ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെയും സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും പേരും പദവിയും പ്രിന്റ് ചെയ്യുന്നത് ഒഴിവാക്കണമെന്നും ഔദ്യോഗിക മുദ്രതന്നെ രേഖപ്പെടുത്തി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന മുൻകാല സമിതി നിർദ്ദേശം കർശനമായി പാലിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

61. എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ എന്നിവയുടെ മതിയായ പകർപ്പുകൾ അച്ചടിച്ച് സമയബന്ധിതമായി ലഭ്യമാക്കണമെന്നും വിജ്ഞാപനങ്ങളിൽ അച്ചടിക്കുന്ന തീയതി കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

62. അച്ചടിച്ച പകർപ്പുകൾ പ്രസ്സിൽനിന്നും യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പുവരുത്തണമെന്നും എസ്.ആർ.ഒ.കളുടെ പ്രിന്റിംഗ്, വിതരണം എന്നിവ രേഖപ്പെടുത്തുന്നതിനായി അതത് സെക്ഷനുകളിൽ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കണമെന്നും അവ യഥാക്രമം മേലുദ്യോഗസ്ഥർ പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

63. ധനകാര്യവകുപ്പിന്റെ 12-3-2009-ലെ 20/2009/ധന. നമ്പർ സർക്കുലറനുസരിച്ച് (അനുബന്ധം 7) ഓരോ വകുപ്പും അതതുവർഷം ജനുവരി 1-ാം തീയതി മുതൽ ഡിസംബർ 31-ാം തീയതി വരെ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിശദമായ പട്ടികയും അവയുടെ പകർപ്പുകളും അടുത്തവർഷം ജനുവരി 31-ാം തീയതിക്കകം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഒരു വകുപ്പുപോലും ഈ സർക്കുലറനുസരിച്ച് നടപടി സ്വീകരിക്കുന്നില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത സർക്കുലർ അനുസരിച്ചുള്ള ലിസ്റ്റ് എല്ലാ വർഷവും ജനുവരി 31-ന് മുൻപായി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

64. 25-3-1996-ലെ 69113/Par/94/GAD നമ്പർ സർക്കുലറിലും (അനുബന്ധം 5) 14-11-2008-ലെ 77/08/ധന. നമ്പർ സർക്കുലറിലും (അനുബന്ധം 8) "എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ മുതലായവ നിയമസഭയുടെ മേശപ്പുറത്തു സമർപ്പിക്കാൻ ലഭ്യമാക്കുമ്പോൾ അവ ഏത് നിയമവ്യവസ്ഥ അനുസരിച്ചാണോ പുറപ്പെടുവിച്ചതെന്നും പ്രസ്തുത ആക്ടിന്റെ വിവരവും എത്ര ദിവസത്തേക്ക് അവ വയ്ക്കണമെന്ന വിശദീകരണവും ഉൾക്കൊള്ളുന്ന ആമുഖ കത്ത് സഹിതം ലഭ്യമാക്കണമെന്നും" വ്യക്തമാക്കിയിട്ടുണ്ടെങ്കിലും മിക്ക സർക്കാർ വകുപ്പുകളും ഇക്കാര്യം വ്യക്തമാക്കാതെയാണ് സമിതിയിൽ സമർപ്പിക്കുന്നതിനുള്ള കടലാസുകൾ നിയസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നത് എന്നതിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് തന്നെ കടലാസുകൾ മേശപ്പുറത്തുവയ്ക്കാനായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

65. മുൻ ഖണ്ഡിക (3)-ൽ സൂചിപ്പിച്ചിട്ടുള്ള വിവിധ സർക്കുലറുകളിലൂടെ കടലാസുകൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ സ്വീകരിക്കേണ്ട നടപടികൾ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സർക്കാർ ഉദ്യോഗസ്ഥർ കാണിക്കുന്ന അലംഭാവത്തിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. പുതുതായി സർവ്വീസിൽ വരുന്ന ഉദ്യോഗസ്ഥർക്ക് ഈ വിഷയം സംബന്ധിച്ച് സർവ്വീസിൽ പ്രവേശിക്കുമ്പോൾ തന്നെ ബോധവത്കരണവും പരിശീലനവും നല്കിയാൽ ഇതിന് ഒരു പരിധിവരെ പരിഹാരമാവുമെന്ന് സമിതി കരുതുന്നു. സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ജോസ് തെറ്റയിൽ,

*ചെയർമാൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 8.

അനുബന്ധം I

## കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ബഹു.സ്പീക്കർ പുറപ്പെടുവിച്ച 12, 17 നമ്പർ നിർദ്ദേശങ്ങൾ

നിർദ്ദേശം നമ്പർ 12 റഗുലേഷനുകൾ, ചട്ടങ്ങൾ മുതലായവ മേശപ്പുറത്തുവയ്ക്കൽ

ഭരണഘടനയ്ക്കോ അല്ലെങ്കിൽ പാർലമെന്റ് പാസ്സാക്കിയ ഒരു ആക്റ്റ് പ്രകാരം സംസ്ഥാന സർക്കാരിനെയോ അല്ലെങ്കിൽ നിയമസഭ, നിയമസഭയ്ക്ക് കീഴിലുള്ള ഒരു അധികാരസ്ഥാനത്തെയോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ ചുമതലകൾക്കോ അനുസൃതമായി ഉണ്ടാക്കപ്പെട്ട ഒരു റഗുലേഷനോ ചട്ടമോ ഉപചട്ടമോ ബൈലായോ മുതലായവ ചട്ടം 166(1) പ്രകാരം മേശപ്പുറത്തുവയ്ക്കുന്നതിന് രണ്ട് മാസത്തിൽ കൂടുതൽ താമസം നേരിട്ടിട്ടുണ്ട് എങ്കിൽ, റഗുലേഷൻ, ചട്ടം, ഉപചട്ടം, ബൈലാ മുതലായവയോടുകൂടി അങ്ങനെയുള്ള താമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് കൂടി ബന്ധപ്പെട്ട മന്ത്രി മേശപ്പുറത്തുവയ്ക്കേണ്ടതാകുന്നു.

(1988 ഏപ്രിൽ 15-ാം തീയതി സ്പീക്കർ പുറപ്പെടുവിച്ചത്)

നിർദ്ദേശം നമ്പർ 17 റഗുലേഷനുകൾ, ചട്ടങ്ങൾ മുതലായവ മേശപ്പുറത്തുവയ്ക്കൽ—സമയപരിധി—നിശ്ചയിക്കൽ

ഭരണഘടനയ്ക്കോ അല്ലെങ്കിൽ പാർലമെന്റ് പാസ്സാക്കിയ ഒരു ആക്റ്റ് പ്രകാരം സംസ്ഥാന സർക്കാരിനെയോ അല്ലെങ്കിൽ നിയമസഭ, നിയമസഭയ്ക്ക് കീഴിലുള്ള ഒരു അധികാരസ്ഥാനത്തെയോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ ചുമതലകൾക്കോ അനുസൃതമായി ഉണ്ടാക്കപ്പെട്ട ഒരു റഗുലേഷനോ ചട്ടമോ ഉപചട്ടമോ ബൈലായോ മുതലായവ ചട്ടം 166(1) പ്രകാരം മേശപ്പുറത്തുവയ്ക്കുന്നതിന് അവ പുറപ്പെടുവിച്ചതിന് തൊട്ടടുത്ത സമ്മേളനമോ അപ്രകാരമുള്ള റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ പുറപ്പെടുവിച്ചതുമുതൽ രണ്ടുമാസമോ ഏതാണാദ്യം വരുന്നത് അതിനുമുമ്പായി ലഭ്യമാക്കേണ്ടതാണ്.

ഭരണഘടനയ്ക്കോ അല്ലെങ്കിൽ പാർലമെന്റ് പാസ്സാക്കിയ ഒരു ആക്റ്റ് പ്രകാരം സംസ്ഥാന സർക്കാരിനെയോ അല്ലെങ്കിൽ നിയമസഭ, നിയമസഭയ്ക്ക് കീഴിലുള്ള ഒരു അധികാരസ്ഥാനത്തെയോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ ചുമതലകൾക്കോ അനുസൃതമായി ഉണ്ടാക്കപ്പെട്ട ഒരു റഗുലേഷനോ ചട്ടമോ, ഉപചട്ടമോ ബൈലായോ മുതലായവ ചട്ടം 166(1) പ്രകാരം മേശപ്പുറത്തുവയ്ക്കുന്നതിന് കാലതാമസം ഉണ്ടാകുന്നപക്ഷം റഗുലേഷൻ, ചട്ടം, ഉപചട്ടം, ബൈലാ മുതലായവയോടുകൂടി അങ്ങനെയുള്ള കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് കൂടി ബന്ധപ്പെട്ട മന്ത്രി മേശപ്പുറത്തുവയ്ക്കേണ്ടതാകുന്നു.

(1998 സെപ്റ്റംബർ 10-ാം തീയതി സ്പീക്കർ പുറപ്പെടുവിച്ചത്)

<u>അനുബന്ധം 2</u>

## കേരള സർക്കാർ

<u>ധനകാര്യ (പി.എ.സി.) വകുപ്പ്</u>

### സർക്കുലർ

നമ്പർ 105/2013/ധന. *തിരുവനന്തപുരം, 2013 ഡിസംബർ 21.*

<u>വിഷയം</u>:—മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-14) എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ/റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്—സംബന്ധിച്ച്.

<u>സൂചന</u>:—നിയമസഭാ സെക്രട്ടറിയുടെ 29-11-2013-ലെ 5211/സി.പി.എൽ.3/2013/നി.സെ. നമ്പർ കത്ത്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 17-ാം നമ്പർ നിർദ്ദേശമനുസരിച്ച് ഭരണഘടനയ്ക്കോ അല്ലെങ്കിൽ പാർലമെന്റ് പാസ്സാക്കിയ ഒരു ആക്ട് പ്രകാരം സംസ്ഥാന സർക്കാരിനെയോ അല്ലെങ്കിൽ നിയമസഭ, നിയമസഭയ്ക്ക് കീഴിലുള്ള ഒരു അധികാരസ്ഥാനത്തെയോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ ചുമതലകൾക്കോ അനുസൃതമായി ഉണ്ടാക്കപ്പെട്ട ഒരു റഗുലേഷനോ ചട്ടമോ ഉപചട്ടമോ ബൈലായോ മുതലായവ ചട്ടം 166(1) പ്രകാരം മേശപ്പുറത്തു വയ്ക്കുന്നതിന് അവ പുറപ്പെടുവിച്ചതിന് തൊട്ടടുത്ത സമ്മേളനമോ അപ്രകാരമുള്ള റഗുലേഷനുകൾ ചട്ടങ്ങൾ ഉപചട്ടങ്ങൾ ബൈലാകൾ മുതലായവ പുറപ്പെടുവിച്ചതുമുതൽ രണ്ടുമാസമോ ഏതാണാദ്യം വരുന്നത് അതിനുമുമ്പായി നിയമസഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കേണ്ടതാണ്. സഭാ സമ്മേളനകാലത്ത് പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ ആ സമ്മേളനകാലത്ത് തന്നെ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ്/ഭരണറിപ്പോർട്ടുകളും കണക്കുകളും ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള സമയ പരിധിയിൽ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങളും ഉത്തരവുകളും നിയമസഭാ സമിതി ശിപാർശകളും നിലവിലുണ്ടെങ്കിലും ഒട്ടുമിക്ക വകുപ്പുകളും എസ്.ആർ.ഒ.കളും വിജ്ഞാപനങ്ങളും വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളും യഥാസമയം സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കാറില്ല. യഥാസമയം ലഭ്യമാക്കാത്ത എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ/റിപ്പോർട്ടുകൾ എന്നിവ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം മാത്രമേ സഭയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്നിരിക്കെ ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിലും വളരെയധികം കാലതാമസം നേരിടുന്നതിനാൽ വിജ്ഞാപനങ്ങൾ/റിപ്പോർട്ടുകൾ എന്നിവ സഭയിൽ സമർപ്പിക്കുന്നതിനും കാലതാമസം നേരിടുന്നു. കൂടാതെ,

വൈകി ലഭിക്കുന്ന വിജ്ഞാപനങ്ങൾ/റിപ്പോർട്ടുകൾ എന്നിവയോടൊപ്പം സമർപ്പിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകളിൽ പ്രസ്സിൽനിന്നും അച്ചടിച്ച് ലഭ്യമാകാൻ വൈകി, മതിയായ പകർപ്പുകൾ അച്ചടിച്ച് ലഭ്യമായില്ല, മനഃപൂർവമല്ലാത്ത കാലതാമസം, ഉദ്യോഗസ്ഥരുടെ പരിചയക്കുറവ്, ജീവനക്കാരുടെ അപര്യാപ്തത, ഭരണപരവും സാങ്കേതികവുമായ കാരണങ്ങൾ, നിയമസഭാ നടപടികളെക്കുറിച്ചുള്ള അറിവില്ലായ്മ, അധികജോലിത്തിരക്ക് തുടങ്ങിയ യുക്തിസഹമല്ലാത്ത കാരണങ്ങളാണ് കാലതാമസത്തിനുള്ള കാരണമായി സ്ഥിരമായി ബോധിപ്പിക്കാറുള്ളത്.

നിരന്തരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മേൽ സൂചിപ്പിച്ച തരത്തിലുള്ള തെറ്റായ പ്രവണതകൾ ഉണ്ടാകുന്നതായി ബോധ്യപ്പെട്ട മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി, ഭരണഘടനാപരമായ പ്രക്രിയ നിസ്സാരവത്കരിക്കുന്ന രീതിയിലുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് അഭിപ്രായപ്പെട്ടു.

സർക്കാർ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ തുടങ്ങിയവ സഭയിൽ യഥാസമയം സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്ന കർശന നിർദ്ദേശം നിലവിലിരിക്കെ അവ യഥോചിതം പാലിക്കപ്പെടുന്നില്ല എന്നത് സമിതി ഗൗരവമായാണ് വീക്ഷിക്കുന്നത്. കൂടാതെ കാലതാമസത്തിനുള്ള കാരണം വിശദമാക്കിക്കൊണ്ട് സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് വളരെ ലാഘവബുദ്ധിയോടെയാണ് തയ്യാറാക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, സാമാന്യബുദ്ധിക്ക് നിരക്കാത്ത കാരണങ്ങൾ ഒരു കാരണവശാലും സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കുന്ന രേഖയിൽ ഉണ്ടാകാൻ പാടില്ല എന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കി. ഭാവിയിൽ ഇത്തരം ഭരണഘടനാ ലംഘനങ്ങൾ ഉണ്ടാകാതിരിക്കുവാനായി വകുപ്പ് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുകൾ ഉണ്ടാകണമെന്നും ആയതിൻപ്രകാരം വകുപ്പിന് കീഴിലുള്ള എല്ലാ സെക്ഷനുകൾക്കും കർശനമായ നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

പ്രസ്തുത സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം ഭരണഘടനാ ലംഘനങ്ങൾ ഉണ്ടാകാതിരിക്കുവാനായി സമിതി നിലപാടുകളും നിർദ്ദേശങ്ങളും അറിയിക്കുന്നതോടൊപ്പം മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-14)-യുടെ രണ്ടാമത് റിപ്പോർട്ടിലെ പൊതുവായ ശിപാർശകളും ഉൾപ്പെടുത്തി താഴെപ്പറയുന്ന നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നു:

(1) എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ/റിപ്പോർട്ടുകൾ എന്നിവ (150 പകർപ്പുകൾ) ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കേണ്ടതാണ്.

(2) എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ/റിപ്പോർട്ടുകൾ എന്നിവ യഥാസമയം ലഭ്യമാക്കുവാൻ സാധിച്ചില്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് (150 പകർപ്പുകൾ) കൂടി ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ ലഭ്യമാക്കേണ്ടതാണ് (ഒരെണ്ണം വകുപ്പുമന്ത്രി ഒപ്പിട്ടതും മറ്റുള്ളവ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ ഒപ്പിട്ടതും).

(3) ഡിലേ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുമ്പോൾ അവയിൽ രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങൾ യുക്തിസഹവും കൃത്യവും ഏത് ഘട്ടങ്ങളിലാണ് കാലതാമസം വന്നതെന്ന് വ്യക്തമാക്കുന്ന രീതിയിലും തയ്യാറാക്കേണ്ടതാണ്.

(4) വിജ്ഞാപനങ്ങൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച് സെക്രട്ടറി തലത്തിൽ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

(5) കാലതാമസം ഉണ്ടാകുമ്പോൾ അതിന്റെ ദിനംപ്രതിയുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

(6) ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടേയും സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയും ഔദ്യോഗികമുദ്ര പതിപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റിന്റെ പ്രതികൾതന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് ലഭ്യമാക്കേണ്ടതാണ്.

വി. സോമസുന്ദരൻ,
*അഡീഷണൽ ചീഫ് സെക്രട്ടറി*
*(ധനകാര്യം).*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ.ജി.&എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്.എ.), കേരള, തിരുവനന്തപുരം.

എല്ലാ സെക്രട്ടറിമാർക്കും/വകുപ്പുതലവന്മാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും ഓഫീസർമാർക്കും.

നോഡൽ ഓഫീസർ <u>www.finance.kerala.gov.in</u>

<u>ഉള്ളടക്കം</u>:—ഡിലേ സ്റ്റേറ്റ്മെന്റിന്റെ മാതൃക.

<u>എസ്.ആർ.ഒ./നോട്ടിഫിക്കേഷൻ എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റ് മാതൃക</u>

**വകുപ്പ്:**

| നമ്പർ | വിഷയം | |
|---|---|---|
| 1 | എസ്.ആർ.ഒ./ നോട്ടിഫിക്കേഷൻ നമ്പർ | |
| 2 | പ്രസിദ്ധീകരിച്ച തീയതി | |
| 3 | അച്ചടിക്കുവാൻ കൊടുത്തത് | |
| 4 | അച്ചടിച്ചു ലഭിച്ചത് | |
| 5 | നിയസഭാ സെക്രട്ടേറിയറ്റിന് നൽകിയത് | |

ഓരോ ഘട്ടത്തിലും നേരിട്ട കാലതാമസത്തിന്റെ വ്യക്തമായ കാരണം വിശദീകരിക്കുന്ന കുറിപ്പ്.

## പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ്മെന്റ് മാതൃക

സ്ഥാപനത്തിന്റെ പേര് :

ബന്ധപ്പെട്ട വകുപ്പ് :

റിപ്പോർട്ട് കാലയളവ് :

| നമ്പർ | വിഷയം | തീയതി |
|---|---|---|
| 1 | സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായത് | |
| 2 | എ.ജി.യുടെ കമന്റ്സിന് അയച്ചത് | |
| 3 | എ.ജി.യുടെ കമന്റ്സ് ലഭിച്ചത് | |
| 4 | ധനകാര്യ വകുപ്പിന്റെ കമന്റ്സിന് അയച്ചത് | |
| 5 | ധനകാര്യ വകുപ്പിന്റെ കമന്റ്സ് ലഭിച്ചത് | |
| 6 | വാർഷിക പൊതുയോഗം (എ.ജി.എം.) അംഗീകരിച്ചത് | |
| 7 | പ്രിന്റിംഗിന് അയച്ചത് | |
| 8 | പ്രിന്റ് ചെയ്ത് ലഭിച്ചത് | |
| 9 | ഗവൺമെന്റിൽ ലഭിച്ചത് | |
| 10 | നിയമസഭാ സെക്രട്ടേറിയറ്റിന് നൽകിയത് | |

ഓരോ ഘട്ടത്തിലും നേരിട്ട കാലതാമസത്തിനുള്ള വ്യക്തമായ കാരണം വിശദമാക്കുന്ന കുറിപ്പ്.

അനുബന്ധം 3

## വിവിധ വകുപ്പിൽനിന്നും ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാനുള്ള വിജ്ഞാപനങ്ങളുടെ വിശദാംശം

| ക്രമ നമ്പർ | വകുപ്പ് | എസ്.ആർ.ഒ./ വിജ്ഞാപനം | പ്രസിദ്ധീകരിച്ച തീയതി | ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ആഭ്യന്തരം (സി) | 320/2014 | 27-5-2014 | 18-7-2014 |
| 2 | ആരോഗ്യ കുടുംബക്ഷേമ (ഇ) | 771/2013 | .. | 31-1-2014 |
| 3 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) | 335/2014 | 31-5-2014 | 17-7-2014 |
| 4 | ഉപഭോക്തൃകാര്യം | 495/2012 | 7-7-2012 | 31-10-2012 |
| 5 | ഉപഭോക്തൃകാര്യം | 508/2012 | 12-7-2012 | 31-10-2012 |
| 6 | നിയമം (എച്ച്) | 49/2009 | 22-1-2009 | 19-3-2009 |
| 7 | നികുതി (എക്സൈസ്) | 959/2013 | 9-12-2013 | 19-2-2014 |
| 8 | നികുതി (എക്സൈസ്) | 116/2014 | 14-2-2014 | 18-11-2014 |
| 9 | നികുതി (എച്ച്) | 412/2014, 413/2014 | 14-7-2014 | 18-11-2014 |
| 10 | പട്ടികജാതി-പട്ടികവർഗ്ഗ വികസന (സി) | 671/2012 | 26-9-2012 | 21-12-2012 |
| 11 | പൊതുവിദ്യാഭ്യാസം | 985/2013 | 18-12-2013 | 26-2-2014 |
| 12 | പൊതുഭരണ (ഏകോപനം) | G.O.(Ms.) No.26/2008/ GAD | 22-1-2008 | 29-8-2013 |
| 13 | സഹകരണം (എ) | 1167/2004 | 3-11-2004 | 5-6-2006 |
| 14 | സഹകരണം (എ) | 1106/2010 | 1-12-2010 | 3-2-2011 |
| 15 | സഹകരണം (എ) | 62/2011 | 23-1-2011 | 16-3-2011 |
| 16 | തദ്ദേശസ്വയംഭരണ (ആർ.ഡി.) | 1149/2008 | 11-11-2008 | 30-12-2008 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 17 | തദ്ദേശസ്വയംഭരണ (ആർ.ഡി.) | 34/2011, 35/2011 | 14-1-2011 | 15-6-2011 |
| 18 | തദ്ദേശസ്വയംഭരണ (ആർ.ഡി.) | 84/2011 | 1-2-2011 | 15-6-2011 |
| 19 | തദ്ദേശസ്വയംഭരണ (ആർ.ഡി.) | 127/2011 | 14-2-2011 | 15-6-2011 |
| 20 | തദ്ദേശസ്വയംഭരണ (ആർ.ഡി.) | 166/2011 | 26-2-2011 | 15-6-2011 |
| 21 | തദ്ദേശസ്വയംഭരണ (ആർ.ഡി) | 277/2011 | 16-4-2011 | 27-7-2011 |
| 22. | തദ്ദേശസ്വയംഭരണ (ആർ.ഡി.) | 275/2012 | 19-4-2012 | ആമുഖ കത്തില്ല |
| 23 | തദ്ദേശസ്വയംഭരണ (ആർ.ഡി.) | 435/2012 | 14-6-2012 | 3-8-2012 |
| 24 | തദ്ദേശസ്വയംഭരണ (ഡി.ഡി.) | 510/2011 | 20-8-2011 | 3-11-2011 |
| 25 | തദ്ദേശസ്വയംഭരണ (ഐ.എ.) | 218/2011 | 16-3-2011 | 6-6-2011 |
| 26 | തദ്ദേശസ്വയംഭരണ (ഐ.എ) | 387/2014 | 30-6-2014 | 12-9-2014 |
| 27 | തദ്ദേശസ്വയംഭരണ (എൻ) | 379/2007 | 25-4-2007 | 15-1-2008 |
| 28 | തൊഴിലും പുനരധിവാസവും (ബി) | 198/2010 മുതൽ 202/2010 വരെ | 2-3-2010 | 20-4-2010 |
| 29 | തൊഴിലും പുനരധിവാസവും (ബി) | 430/2010 മുതൽ 443/2010 വരെ | 4-5-2010 | 3-8-2010 |
| 30. | തൊഴിലും പുനരധിവാസവും (ബി) | 480/2010 | 18-5-2010 | 28-7-2010 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 31 | തൊഴിലും പുനരധിവാസവും (ബി) | 603/2010 മുതൽ 606/2010 വരെ | 22-6-2010 | 3-8-2010 |
| 32 | തൊഴിലും പുനരധിവാസവും (ബി) | 614/2010 | 22-6-2010 | 3-8-2010 |
| 33 | തൊഴിലും പുനരധിവാസവും (ബി) | 643/2010 മുതൽ 647/2010 വരെ | 29-6-2010 | 30-8-2010 |
| 34 | തൊഴിലും പുനരധിവാസവും (ബി) | 649/2010 | 29-6-2010 | 18-9-2010 |
| 35 | തൊഴിലും പുനരധിവാസവും (ഇ) | 339/2014 | 2-6-2014 | 18-8-2014 |
| 36 | തൊഴിലും നൈപുണ്യവും (എച്ച്) | 432/2014, 433/2014 | 21-7-2014 | 11-11-2014 |
| 37 | ഭക്ഷ്യ പൊതുവിതരണ (ബി) | 120/2011 | 10-12-2011 | 3-9-2014 |
| 38 | ഭക്ഷ്യ പൊതുവിതരണ (ബി) | 477/2013 | 16-6-2013 | 3-9-2014 |
| 39 | സാമൂഹ്യനീതി (എ) | 378/2014 | 26-6-2014 | 27-8-2014 |
| 40 | കൃഷി (ക്ഷീരവികസനം) | 535/2009 | 26-6-2009 | 16-2-2010 |
| 41 | കൃഷി (ക്ഷീരവികസനം) | 699/2009 | 18-8-2009 | 16-2-2010 |
| 42 | കൃഷി (ക്ഷീരവികസനം) | 957/2009 | 16-11-2009 | 16-2-2010 |
| 43 | കൃഷി (ക്ഷീരവികസനം) | 420/2010 | 29-4-2010 | 18-7-2010 |
| 44 | കൃഷി (ക്ഷീരവികസനം) | 463/2010 | 14-5-2010 | 18-7-2010 |
| 45 | റവന്യൂ (ബി) | 67/2009 | 27-1-2009 | 20-3-2009 |
| 46 | റവന്യൂ (ബി) | 114/2009 | 5-2-2009 | 18-3-2009 |
| 47 | റവന്യൂ (ജി) | 969/2009 | 20-11-2009 | 3-5-2010 |

<u>അനുബന്ധം 4</u>

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2006-09)-യുടെ രണ്ടാമത് റിപ്പോർട്ടിൽ മറുപടി ലഭ്യമാക്കാനുള്ള വകുപ്പുകളുടെ വിവരം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ (ശിപാർശ നമ്പർ) | വകുപ്പ് |
|---|---|---|
| 1 | 13 | സഹകരണം |
| 2 | 18, 19 | തദ്ദേശസ്വയംഭരണം |
| 3 | 23, 24 | നികുതി |
| 4 | 25, 26, 27, 28 | ധനകാര്യം |
| 5 | 30 | പരിസ്ഥിതി, ശാസ്ത്ര സാങ്കേതികം |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-14)യുടെ രണ്ടാമത് റിപ്പോർട്ടിൽ മറുപടി ലഭ്യമാക്കാനുള്ള വകുപ്പുകളുടെ വിവരം

| ക്രമനമ്പർ | ഖണ്ഡിക നമ്പർ (ശിപാർശ നമ്പർ) | വകുപ്പ് |
|---|---|---|
| 1 | 10, 11 | നികുതി |
| 2 | 13, 14 | തൊഴിലും നൈപുണ്യവും |
| 3 | 17 | പൊതുമരാമത്ത് |
| 4 | 24 | സാമൂഹ്യനീതി |
| 5 | 27, 28, 29, 30, 31 | ഊർജ്ജം |

അനുബന്ധം 5

GOVERNMENT OF KERALA

**General Administration (Par.) Department**

CIRCULAR

No.69113/Par/94/GAD. *Dated, Thiruvananthapuram, 25th March, 1996.*

*Sub:*—Statutory Rules and Orders—Laying on the Table of the Legislative Assembly—Ruling of the Chair—Implementation of—Reg.

*Ref.*—1. Circular No. 8428/Par/94/GAD. dated 29-1-1994.

2. Circular No. 23166/Par/94/GAD. dated 22-3-1994.

3. Circular No. 23116/Par/94/GAD. dated 8-4-1994.

4. Circular No. 66336/Par/94/GAD. dated 1-8-1994.

5. Letter No.45/OSI/94 dated 23-7-1994 and 10-8-1994 from Shri K. G. Gopalakrishnan Asary, Special Private Secretary to Speaker.

In accordance with the ruling dated 25-1-1994 of the Hon'ble Speaker, all departments in the Secretariat were detected to ensure that the S.R.Os. issued are laid on the Table of the Legislative Assembly in the session subsequent to the issuance of such S.R.Os. and that whenever there is delay in laying the papers on the Table of the house, a statement explaining the circumstances which had resulted in the delay should also accompany such papers, as per circular first cited. Guidelines which are to be followed while furnishing the statement explaining the circumstances for the delay in laying papers were also issued in the circulars second and third cited.

2. In accordance with the ruling dated 8-7-1994 of the Hon'ble Speaker all departments of the Secretariat were directed to make arrangements to publish S.R.Os. as Gazette Extraordinary in future, obtain copies thereof urgently and to arrange to lay them before the House without any delay as per the circular fourth cited.

3. The S.R.Os. are laid on the Table of the House under the provisions of rules 166 and 168 of the Assembly Rules and the relevant provisions in the parent Acts. Under rule 166 all regulations, rules, sub-rules, bye-laws etc. framed in pursuance of the Constitution or the legislative function delegated by an Act of the Parliament to the State Government or by the Assembly to a subordinate authority shall be laid before the Assembly for the period specified in the Constitution or the relevant Act. Thus under this rule specified in the Constitution or the relevant Act. Thus under this rule only S.R.O. containing regulations, rules, sub-rules, bye-laws etc. issued in exercise of the powers derived under the Constitution or the parent Act needs be laid on the Table. The term "etc" is used here in a restricted sense. Accordingly it means only such of the statutory instruments which come along with the categories mentioned in rule 166 tested in the light of "ejusdem generis" rule. Hence the term "etc" extends to such statutory instruments alone. The period for which the statutory instruments are to be laid on the Table under the provisions of the State Acts are normally fourteen days.

4. In some of the Acts enacted before 1957 there is no laying provisions. In some other Acts although there is provisions for laying the period for which the S.R.O. is to be laid has not been specified. The provision to rule 166 is introduced in order to ensure legislative control by specifying that the regulations, rules, etc. issued in pursuance of such Acts also shall be laid on the Table for a period of 14 days.

5. Under rule 163 in case a regulation, rule, sub-rule, bye-law etc. is amended by the House the amendment to such rule should also be laid on the Table of the House.

6. Under the provisions of an enactment the Government have powers to issue two kinds of S.R.Os., namely:—

(i) S.R.O. containing rules, bye-laws, regulations etc. framed by the Government in exercise of the powers delegated to them under the provisions of the rule making powers in the Constitution or in the relevant Acts of the Parliament or State Legislature together with the amendments issued to such regulations, rules, sub-rules etc.

(ii) S.R.O. issued in exercise of the powers under the provisions other than the provisions relating to rule making provisions of the Constitution or the relevant enactment of Parliament or the State Legislature.

7. Of these all the S.R.Os. relating to the first category should be laid on the Table of the House without fail. As regards the S.R.O. of the second category they need be laid on the Table of the House only if the relevant provision of the parent act specifies that such notification should be laid on the Table of the House. For e.g., under sub-section (4) of section 3 of the Commissions of Inquiry Act, 1952 the State Government shall lay the report, if any, of the Commission on the inquiry made by the Commission together with a memorandum of action taken thereon within a period of six months of the submission of the Report by the Commission to the Government. Copies of such of the S.R.Os. which need not be laid on the Table of the House should be supplied to the Committee on Subordinate Legislation for its scrutiny in accordance with the provisions of rule 256 of Rules of Procedure and Conduct of Business in the Kerala Legislative Assembly.

8. Under the provisions of the Parent Act the Legislative Assembly has powers to amend or annul the S.R.O. laid on the Table of the House. This is how the Assembly ensures legislative control over the executive. The relevant Act would specify in all cases that the rule, regulation etc. shall be laid before the House in the Session of the Assembly succeeding the framing of the rule, regulations etc. Therefore in future the S.R.O. should be laid accordingly, without fail. Otherwise the legislative control of the House over the Executive will be delayed to the extent of the delay. Consequently the power of the house to amend or annul the regulation, rule etc. Will also be delayed. In cases where they are not laid it would result in denying the powers of the House in the matter of nullifying or amending the bye-law, rule etc. Delay in laying the regulation, rule etc., or not laying them tantamount to a great impropriety which the House looks upon with much displeasure and discontentment.

9. Sometimes the House might prescribe in the relevant enactment itself certain procedural safeguards in the matter of delegated legislation. The main procedural safeguards prescribed are:

(a) Publication of draft rules inviting objections, considering objections and even hearing parties before framing the rules. An instance to the point is the procedure prescribed for issuing rules under the Kerala Co-operative Societies Act, 1969, the Plantation Labour Act, 1951 etc.

(b) Consultation with Advisory Bodies. An e.g. in the matter is prescribing minimum wages under the Minimum Wages Act.

(c) Making rules by affected parties as in the case of rules made by the Bar Council under the Kerala Advocates Welfare Fund Act, 1980.

10. Whenever such procedural safeguards are prescribed by the relevant enactment the preamble to the S.R.O. issued thereunder should specially state whether the procedural safeguards envisaged therein have been complied with.

11. In certain other cases an affirmative resolution of the House might be required for the same being enforced.

12. Whenever the S.R.O. notification has to be laid before the Assembly 150 copies thereof should be forwarded to the Table Committee Section, Legislature Complex, Thiruvananthapuram-33 together with a request therefore specifying the relevant provision of the Act under which the S.R.O. is to be laid on the Table together with the period for which it is to be laid and whether an affirmative resolution of the Assembly has the powers to amend or nullify it or whether an affirmative resolution of the Assembly is required for the same being enforced.

13. It has also been clarified that the dictates of the rulings of the Speaker in the Assembly are always prospective unless there are expressly made retrospective or unless any specific action is desired with effect from a date prior to the date of ruling. In the case of the ruling given on 25-1-1994 was not at all intended to be given retrospective operation and hence it is not proper to take any disciplinary action on anyone for his lapses, if any, prior to the date of the said ruling. The Hon'ble Speaker therefore desires that action, if any, taken on any person for his lapses prior to the ruling in the matter on 25th January, 1994 shall be dropped being unsupported by the ruling or any live direction.

14. All Departments (all sections) of the Secretariat including Law and Finance are directed to follow the procedure scrupulously so as to avoid any delay or lapse in laying S.R.Os. on the table of the Legislative Assembly.

V. VIJAYACHANDRAN,
*Secretary to Government.*

To

All Officers and all Departments (all sections) of the Secretariat including Law and Finance.

*Copy to* : The Special Private Secretary to Speaker (with C.L.).

അനുബന്ധം 6

# കേരള സർക്കാർ

പൊതുഭരണ (പാർ.) വകുപ്പ്

സർക്കുലർ

നമ്പർ 91939/പാർ./98/പൊ.ഭ.വ. തിരുവനന്തപുരം, 1998 നവംബർ 21.

വിഷയം:—മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (1996-98)—ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകൾ—നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: —1. 1-6-1998-ലെ 39397/പാർ./98/പൊ.ഭ.വ. നമ്പർ സർക്കുലർ.

2. 30-10-1998-ൽ 10142/സിപിഎൽ2/98/ലെജി. നമ്പരിൽ നിയമസഭാ സെക്രട്ടറി ചീഫ് സെക്രട്ടറിക്ക് അയച്ച കത്ത്.

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (1995-96)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സർക്കാർ സ്വീകരിച്ച തുടർനടപടികൾ സമിതി അവലോകനം ചെയ്യുകയുണ്ടായി. പ്രസ്തുത തുടർനടപടികളെ സംബന്ധിക്കുന്ന പല മറുപടികളും സമിതിക്ക് സ്വീകാര്യമായില്ല. സ്വീകാര്യമായ മറുപടി ഉടൻ നൽകണമെന്ന് ആവശ്യപ്പെടുകയും ഈ വിഷയത്തിൽ പൊതുവായി ചില മാർഗ്ഗനിർദ്ദേശങ്ങൾകൂടി ഓരോ വകുപ്പിനും നൽകണമെന്നും സമിതി ശിപാർശ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഭാവിയിൽ കർശനമായി പാലിക്കുവാനായി പുറപ്പെടുവിക്കുന്നു:

(1) വിഷയനിർണ്ണയ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിന് ഉണ്ടായ കാലതാമസംമൂലമാണ് എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സമർപ്പിക്കുവാൻ വൈകുന്നത് എന്ന വാദമുന്നയിച്ച് വിജ്ഞാപനങ്ങൾ മേശപ്പുറത്തുവയ്ക്കുന്ന കാര്യത്തിൽ താമസം വരുത്തുവാൻ പാടില്ല.

(2) ബന്ധപ്പെട്ട നിയമനങ്ങളിലും ചട്ടങ്ങളിലും വിജ്ഞാപനങ്ങൾ മേശപ്പുറത്തു വയ്ക്കണമെന്ന വ്യവസ്ഥ ഉണ്ടായിരിക്കെ കൃത്യസമയത്ത് മേശപ്പുറത്തുവയ്ക്കാൻ കഴിയാതെ പോയത് ഉദ്യോഗസ്ഥരുടെ അജ്ഞതമൂലമാണെന്ന കാരണം സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല. നിയമസഭയിൽ സമർപ്പിച്ച ഒരു രേഖയിൽ ഇത്തരത്തിൽ ഒരു പരാമർശം

ഉണ്ടാകുന്നത് ശരിയല്ല. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് ഇത്തരം ഗുരുതരമായ കൃത്യവിലോപം ഉണ്ടാകുന്നത് കരുതിക്കൂട്ടിയുള്ള അനാസ്ഥയായി മാത്രമേ കാണാൻ കഴിയൂ. ഭാവിയിൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഇത്തരം നിരുത്തരവാദപരമായ വീഴ്ചകൾ ഉണ്ടായാൽ അവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

എം. മോഹൻകുമാർ,
*ചീഫ് സെക്രട്ടറി.*

സെക്രട്ടേറിയറ്റിലെ (നിയമം, ധനകാര്യം ഉൾപ്പെടെ) എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും അണ്ടർ സെക്രട്ടറിമാർക്കും അതിനു മുകളിലുള്ള എല്ലാ ആഫീസർമാർക്കും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും.

പകർപ്പ് :—നിയമസഭാ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

അനുബന്ധം 7

# കേരള സർക്കാർ

ധനകാര്യ (പി.എ.സി.) വകുപ്പ്

## സർക്കുലർ

നമ്പർ 20/2009/ധന. *തിരുവനന്തപുരം, 2009 മാർച്ച് 12.*

വിഷയം:—മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2006-09)—2-ാമത് റിപ്പോർട്ട്—പൊതു ശിപാർശകളിലെ 7-ാം ഖണ്ഡികയിലെ ശിപാർശ നടപ്പിലാക്കുന്നത്—സംബന്ധിച്ച്.

സൂചന:—4-2-2009 തീയതിയിലെ 3039/സി.പി.എൽ.3/09/ലെജി. നമ്പർ കത്ത്.

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2006-09)-യുടെ 2-ാമത് റിപ്പോർട്ടിലെ പൊതുവായ ശിപാർശകളിലെ ഏഴാം ഖണ്ഡികയിലെ ശിപാർശപ്രകാരം ഓരോ വകുപ്പുകളും അതതു വർഷം ജനുവരി 1-ാം തീയതി മുതൽ ഡിസംബർ 31 വരെ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ സംബന്ധിച്ച വിശദമായ പട്ടികയും എസ്.ആർ.ഒ.യുടെ പകർപ്പുകളും അടുത്ത വർഷം ജനുവരി 31-ാം തീയതിക്കകം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്നും പ്രസ്തുത പട്ടികയുടെയും എസ്.ആർ.ഒ.കളുടെയും പകർപ്പ് ധനകാര്യ (പി.എ.സി.) വകുപ്പിന് അറിവിലേക്കായി നൽകേണ്ടതാണെന്നും അറിയിക്കുന്നു.

ററി. കെ. മനോജ് കുമാർ,
*ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി.*

അനുബന്ധം 8

# കേരള സർക്കാർ

ധനകാര്യ (പി.എ.സി.) വകുപ്പ്

## സർക്കുലർ

നമ്പർ 77/08/ധന. *തിരുവനന്തപുരം, 2008 നവംബർ 14.*

വിഷയം:—മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2006-09)—2-ാമത് റിപ്പോർട്ട്—ശിപാർശകൾ നടപ്പിലാക്കുന്നത്—സംബന്ധിച്ച്.

സൂചന:—1. 23-6-2008 തീയതിയിലെ 3039/സി.പി.എൽ.3/2007/ലെജി. നമ്പർ കത്ത്.

2. സർക്കുലർ നമ്പർ 2226/എ 2/06/പി.എ.സി. തീയതി 4-1-2007.

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2006-09)-യുടെ 2-ാമത് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(1) എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചാൽ അവയുടെ 150 പ്രതികൾ തൊട്ടടുത്തുള്ള സമ്മേളനത്തിലോ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് രണ്ട് മാസത്തിനുള്ളിലോ ഏതാണ് ആദ്യം വരുന്നത്, അതിന് മുൻപായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ബന്ധപ്പെട്ട വിഭാഗത്തിൽനിന്നും ലഭ്യമാക്കേണ്ടതാണ്. 2005-06 കാലയളവിൽ പുറപ്പെടുവിച്ചവയിൽ ഇനിയും സഭയിൽ സമർപ്പിക്കാത്തവ ഡിലേ സ്റ്റേറ്റ്മെന്റോടുകൂടി ഉടൻ ഹാജരാക്കേണ്ടതാണ്.

(2) മുകളിൽ പ്രസ്താവിച്ച നിശ്ചിത സമയപരിധിക്കുള്ളിൽ എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ സഭയിൽ സമർപ്പിക്കാൻ കഴിയാതെവന്നാൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള ഒരു ഡിലേ സ്റ്റേറ്റ്മെന്റ് കൂടി ബന്ധപ്പെട്ട വകുപ്പുമന്ത്രിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി നിയമസഭയിൽ ലഭ്യമാക്കേണ്ടതാണ്.

(3) എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ മുതലായവ നിയമസഭയുടെ മേശപ്പുറത്ത് സമർപ്പിക്കാൻ ലഭ്യമാക്കുമ്പോൾ അവ ഏതു നിയമവ്യവസ്ഥ അനുസരിച്ചാണോ പുറപ്പെടുവിച്ചത് എന്നും പ്രസ്തുത ആക്ടും എത്ര ദിവസത്തേക്ക് അവ വയ്ക്കണമെന്ന വിശദീകരണവും ഉൾക്കൊള്ളുന്ന ആമുഖ കത്തുസഹിതം ലഭ്യമാക്കണം.

(4) എസ്.ആർ.ഒ.കൾ പ്രസ്സിൽ നിന്നും നേരിട്ട് സഭയിൽ ഹാജരാക്കുന്നത് ശരിയല്ലായെന്നും ബന്ധപ്പെട്ട വകുപ്പ് മുഖേനതന്നെ, ഹാജരാക്കേണ്ടതാണ് എന്നുമുള്ള റിപ്പോർട്ട് നിർദ്ദേശം പാലിക്കേണ്ടതാണ്.

5. എസ്.ആർ.ഒ.കൾ, നോട്ടിഫിക്കേഷനുകൾ എന്നിവ പുറപ്പെടുവിക്കുന്ന എല്ലാ വിഭാഗത്തിനും അവയെ സംബന്ധിച്ച പൂർണ്ണവിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. മൂന്നുമാസത്തിലൊരിക്കൽ രജിസ്റ്റർ വകുപ്പ് സെക്രട്ടറിയെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതുമാണ്.

6. ഇംഗ്ലീഷിൽ തയ്യാറാക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ എന്നിവയ്ക്ക് മലയാള പരിഭാഷ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

7. കാലതാമസത്തിനുള്ള സ്റ്റേറ്റ്മെന്റ് (150 പകർപ്പ്) മലയാള ഭാഷയിൽതന്നെ തയ്യാറാക്കി എസ്.ആർ.ഒ.യുടെ 150 പ്രതികളും വകുപ്പുമന്ത്രി ഒപ്പിട്ട ഡിലേ സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പും ശേഷിക്കുന്നവ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതും സഹിതം നിയമസഭയിൽ ലഭ്യമാക്കണം.

8. എസ്.ആർ.ഒ.കൾ പുറപ്പെടുവിക്കുന്ന എല്ലാ വിഭാഗങ്ങളും യഥാസമയം എസ്.ആർ.ഒ.കളുടെ 3 പകർപ്പുകൾ ധനകാര്യ (പി.എ.സി.) വിഭാഗത്തിന് നൽകേണ്ടതാണ്.

 റ്റി. കെ. മനോജ് കുമാർ,
*സെക്രട്ടറി (ധനകാര്യ എക്സ്പെന്റിച്ചർ).*

അനുബന്ധം 9

GOVERNMENT OF KERALA

**General Administration (Parliament) Department**

CIRCULAR

No.95161/Par/97/GAD. *Dated, Thiruvananthapuram, 29th October, 1997.*

*Sub*:—First Report of the Committee on Papers Laid on the Table (1996-98)— Recommendation—on delay in laying the papers on the Table of the Legislative Assembly and Statement explaining the circumstances for the delay—Instructions issued.

*Ref*.—1. Circular No. 23166/Par/94/GAD dated 22-3-1994 and 8-4-1994.
2. Circular No. 66336/Par/94/GAD dated 1-8-1994.

All Departments of the Secretariat (including Law and Finance) were instructed in the Circular second cited, to make arrangements to publish S.R.Os., as Gazettes, Extraordinary, in future, obtain copies thereof urgently and lay them before the Legislative Assembly without any delay. But in their first Report, the Committee on Papers laid on the Table, have stated that papers are again delayed in being laid on the Table and that the circumstances explained in the delay statement laid along with the S.R.Os. are found unsatisfactory. The Committee have recommended to ensure that such instances do not occur in future.

2. In accordance with the recommendations of the Committee all Departments in the Secretariat (including Law and Finance) are once again directed to strictly comply with the following instructions:

(1) The Department should make all possible efforts to get the S.R.Os. printed without delay from the Government Press and to forward sufficient copies of the same to the Legislature Secretariat for laying on the Table.

(2) If any delay occurs, the delay statement explaining the reasons for the delay should be make available to the Legislative Secretariat well in time as directed in the Circular dated 8-4-1994 (copy enclosed).

Any case of violation of the above instructions will be viewed very serious. Secretaries to Government are specially remainded of their personal responsibility in this regard.

C. P. NAIR,
*Chief Secretary.*

To

All Officers and all Departments (all Sections) of the Secretariat including Law and Finance.

*Copy to* :

The Private Secretary to Chief Minister and all other Ministers.

The Private Secretary to Hon'ble Speaker (with C.L.).

അനുബന്ധം 10

GOVERNMENT OF KERALA

**General Administration (Parliament) Department**

CIRCULAR

No. 23166/Par/94/GAD. *Dated, Thiruvananthapuram, 8th April, 1994.*

*Sub*:—Delay in laying the papers on the Table of the Legislative Assembly—Guidelines to be followed while furnishing the statement explaining the circumstances for the delay—Ruling of the Honourable Speaker—Further instructions—Reg.

*Ref.*—1. Circular No. 8428/Par/94/GAD. Dated 29-1-1994.

2. Letter No.45/OSI/94/dated, 17-3-1994 from Sri K. G. Gopalakrishnan Asari, Special Private Secretary to Speaker.

3. Circular of even number dated 22-3-1994.

In the Circular first cited, all departments of the Secretariat have been requested to ensure that whenever there is delay in laying the Papers on the Table of the Legislative Assembly a statement explaining the circumstances which had resulted in the delay in laying the papers would also be laid on the Table in accordance with the ruling of the Hon'ble Speaker. In the Circular third cited, certain guidelines to be followed while furnishing such statements were issued. The Special Private Secretary to Speaker in his letter cited has since informed that the important points contained in the ruling dated 3-3-1994 of the Honourable Speaker have not been complied with while furnishing the statements explaining the reasons for the delay for laying the Annual Report of the Rehabilitation Plantation Ltd., for the year 1991-92 on the Table of the House. Seizing the matter the Hon'ble Speaker inter alia ruled that in future, the action of the officers which tantamount to contravene the directions and ruling of the Chair will be treated as a serious breach of privilege of the House and the Members thereof as well as a grave contempt of the House that he will be constrained to take action accordingly. In his ruling dated 17-3-1994 (copy enclosed) the Hon'ble Speaker has also streamlined the guidelines to be followed while furnishing the statement

explaining the circumstances for the delays in laying the Papers on the Table of the House and in accordance with the said ruling and in modification of the Circular third cited the following instructions are issued:

(i) As the responsibility for laying the statement on the Table of the House rests with the Government, the statement shall be that of the Government;

(ii) Reasons convincing to the House for the delay shall be recorded in the statement;

(iii) The Minister concerned shall authenticate the copy of the statement to be laid on the table of House;

(iv) An officer not below the rank of the Joint Secretary to Government shall record on the copies of the statement to be circulated to the Honourable Members that the Honourable Minister has authenticated the copy to be laid on the Table of the House and then affix his/her signature thereon; and

(v) Whoever has signed on the statement, the responsibility for what is contained in the statement shall rest with the concerned Head of the Department.

2. All Departments (all sections) of the Secretariat including Law and Finance are directed to comply with the above instructions scrupulously.

PALAT MOHANDAS,
*Commissioner and Secretary.*

To

All Officers and all Departments (all Sections) of the Secretariat including Law and Finance.

*Copy to:*

The Special Private Secretary to Speaker (with C.L.).

The Private Secretary to Chief Minister and all Ministers.

The Deputy Secretary to Chief Secretary.

അനുബന്ധം 11

## കേരള സർക്കാർ

പാർലമെന്ററികാര്യ (എ) വകുപ്പ്

### സർക്കുലർ

നമ്പർ 2226/എ 2/06/പി.എ.ഡി. *തിരുവനന്തപുരം, 2007 ജനുവരി 4.*

വിഷയം:—മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2006-09)—കടലാസുകൾ മേശപ്പുറത്തു വയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച്.

സൂചന:—1. സർക്കുലർ നമ്പർ 23166/Par/94/GAD തീയതി 8-4-1994.
2. സർക്കുലർ നമ്പർ 95161/Par/94/GAD തീയതി 29-10-1997.
3. സർക്കുലർ നമ്പർ 130/A2/02/PAD തീയതി 15-3-2002.
4. സർക്കുലർ നമ്പർ 69113/Par/94/GAD തീയതി 25-3-1996.

എസ്.ആർ.ഒ. നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ചാൽ അവ തൊട്ടടുത്തുള്ള സമ്മേളനത്തിലോ നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ച് രണ്ടുമാസത്തിനുള്ളിലോ ഏതാണ് ആദ്യം വരുന്നത്, അതിന് മുമ്പായി സഭയുടെ മേശപ്പുറത്തു വയ്ക്കണമെന്നാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുശാസിക്കുന്നത്. ഈ നിശ്ചിത സമയപരിധിക്കുള്ളിൽ എസ്.ആർ.ഒ. നോട്ടിഫിക്കേഷനുകൾ സമർപ്പിക്കാൻ കഴിയാതെവന്നാൽ കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള ഒരു ഡിലേ സ്റ്റേറ്റ്മെന്റുകൂടി ബന്ധപ്പെട്ട വകുപ്പുമന്ത്രി മേശപ്പുറത്തു വയ്ക്കേണ്ടതാണ്.

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെയും ബഹു. സ്പീക്കർമാർ കാലാകാലങ്ങളിൽ നൽകിയിട്ടുള്ള റൂളിംഗുകളുടെയും അടിസ്ഥാനത്തിൽ നിയമസഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട കടലാസുകൾ സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പല വകുപ്പുകളും സഭയിൽ സമർപ്പിക്കേണ്ട കടലാസുകൾ നിശ്ചിത സമയത്ത് സമർപ്പിക്കുന്നതിനും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിലും ഇപ്പോഴും തികഞ്ഞ അലംഭാവം കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലതാമസമുണ്ടാകുന്ന എസ്.ആർ.ഒ.കളോടൊപ്പം പല വകുപ്പുകളും ഡിലേ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തത് നിരവധി കുത്തിടപാടുകൾക്കും

കാലതാമസത്തിനും കാരണമാകുകയും തന്മൂലം നിയമസഭാ സാമാജികരുടെ അറിയാനുള്ള അവകാശവും ഭേദഗതി നിർദ്ദേശിക്കാനുള്ള അവകാശവും നിഷേധിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. 2006 ഒക്ടോബർ 31-ന് കൂടിയ നിയമസഭാ സമിതി യോഗം ഇക്കാര്യം വിശദമായി പരിശോധിക്കുകയും കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിയമങ്ങളും നിർദ്ദേശങ്ങളും അവയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളും ബഹു. സ്പീക്കർമാരുടെ റൂളിംഗുകളും നിലവിലുണ്ടായിരിക്കെ ഇക്കാര്യത്തിൽ പല വകുപ്പുകളും തികഞ്ഞ അനാസ്ഥയാണ് കാട്ടുന്നതെന്നകാര്യം വളരെ ഗൗരവമായി കാണുകയും ആയത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ നിയമസഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട എസ്.ആർ.ഒ.കൾ ഒന്നാം ഖണ്ഡികയിൽ പ്രസ്താവിച്ച സമയപരിധിക്കുള്ളിൽതന്നെ നിയമസഭയ്ക്ക് ലഭ്യമാക്കണമെന്നും നിശ്ചിത സമയപരിധിക്കുശേഷമാണ് സമർപ്പിക്കുന്നതെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റോടുകൂടി മാത്രമേ എസ്.ആർ.ഒ.കൾ നിയമസഭയ്ക്ക് ലഭ്യമാക്കാൻ പാടുള്ളൂവെന്നും എല്ലാ വകുപ്പ് സെക്രട്ടറിമാരെയും ഇതിനാൽ ഓർമ്മപ്പെടുത്തുന്നു. ഈ നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥരും പാലിക്കുന്നുണ്ടെന്ന് അതത് വകുപ്പ് തലവൻമാർ ഉറപ്പുവരുത്തേണ്ടതാണ്.

എസ്. സുബ്ബയ്യ,
*സെക്രട്ടറി.*